പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. ടി സംഭവത്തിന്റെ പശ്ചാത്തലത്തിൽ നെസ്ലെ കമ്പനിയുടെ മറ്റ് ഉൽപ്പന്നങ്ങളും ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനുള്ള നടപടി എടുത്തിട്ടുണ്ട്.

ഡോക്ടർമാരുടെ തസ്തിക ഒഴിവുകൾ

77 (2286) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി വിഭാഗങ്ങളിലായി എത്ര ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ; ഇവയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ ; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

അലോപ്പതി വിഭാഗത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെകീഴിലുള്ള നിലവിലുള്ള ഡോക്ടർമാരുടെ തസ്തികകളും അവയിലുള്ള ഒഴിവുകളും ചുവടെ ചേർക്കുന്നു :

തസ്തികയുടെ പേര്	അനുവദിച്ച തസ്തിക	ഒഴിവുകൾ
അഡ്മിനിസ്ട്രേറ്റീവ് കേഡർ	234	40
ജനറൽ കേഡർ	3099	275
സ്പെഷ്യാലിറ്റി കേഡർ	1984	406
ലബോറട്ടറി കേഡർ	28	4
ആകെ	5345	725

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ക്ലിനിക്കൽ-നോൺ ക്ലിനിക്കൽ വിഭാഗങ്ങളിലെ അദ്ധ്യാപകരായ ഡോക്ടർമാരുടെ 2167 തസ്തികകളാണുള്ളത്. ഇതിൽ 486 തസ്തികകളിൽ ഒഴിവുണ്ട്.

ആയുർവേദ വിഭാഗത്തിൽ നിലവിലുള്ള ഡോക്ടർമാരുടെ തസ്തികകളും അവയിലുള്ള ഒഴിവുകളും ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

തസ്തികയുടെ പേര്	അനുവദിച്ച തസ്തിക	ഒഴിവുകൾ
സീനിയർ മെഡിക്കൽ ഓഫീസർ/മെഡിക്കൽ ഓഫീസർ (ആയുർവേദ)	980	25
റീ-ഹാബിലിറ്റേഷൻ മെഡിക്കലാഫീസർ	1	ഇല്ല
സീനിയർ മെഡിക്കലാഫീസർ/ മെഡിക്കലാഫിസർ (സ്പെഷ്യാലിസ്റ്റ്)നേത്ര,വിഷ,മർമ്മ	59	14
പഞ്ചകർമ്മ	7	ഇല്ല
സിക്കിൾസെൽ അനീമിയ	1	1
മെഡിക്കൽ ആഫീസർ(സിദ്ധ)	11	ഇല്ല
മെഡിക്കൽ ഓഫീസർ (നേച്ചർ ക്യൂർ)	2	1
മെഡിക്കൽ ഓഫീസർ (യുനാനി)	1	ഇല്ല
സ്പെഷ്യലിസ്റ്റ്(മാനസികം)	2	1
ആകെ	1064	42

ഹോമിയോ വകുപ്പിന്റെ കീഴിലുള്ള ഡോക്ടർമാരുടെ തസ്തികകളും അവയിലുള്ള ഒഴിവുകളും ചുവടെ ചേർക്കുന്നു:

തസ്തികയുടെ പേര്	അനുവദിച്ച തസ്തിക	ഒഴിവുകൾ
മെഡിക്കലാഫീസർ	605	67
ചീഫ് മെഡിക്കലാഫീസർ	127	13
ആശുപത്രി സൂപ്രണ്ട്	30	6
ആകെ	762	86

LIBRARY ARCHIVES Kerala Legislative Assembly